**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2920.** **18.06.2018-ന് മറുപടിയ്ക്ക്**

**സ്പൈസസ് പാർക്കിനുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടി**

| **ചോദ്യം**<br>**ശ്രീ.പി.ജെ.ജോസഫ്** | | **ഉത്തരം**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിൽ സ്പൈസസ് പാർക്കിനായി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ; | (എ) | മുട്ടം സ്പൈസസ് പാർക്കിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 13/11/2017-ൽ കൂടിയ SLEC യോഗത്തിൽ സ്ഥലവില അംഗീകരിക്കുകയും 18/11/2017-ലെ സ.ഉ (സാധാ) നം.4926/2017/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. SLEC അംഗീകരിച്ച വിലയുടെ അടിസ്ഥാനത്തിൽ സമ്മതം നൽകിയ 36 കക്ഷികളുടെ 18.925 ഹെക്ടർ സ്ഥലത്തിന്റെ ആധാരങ്ങളും, അനുബന്ധ രേഖകളും ലഭ്യമാക്കി ജില്ലാ ഗവൺമെന്റ് പ്ലീഡർക്ക് നിയമോപദേശത്തിന് അയയ്ക്കുകയും ചെയ്തു. നിയമോപദേശം ലഭിച്ച കേസുകൾ സംബന്ധിച്ച വിവരങ്ങൾ കിൻഫ്ര മാനേജർക്ക് റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കിൻഫ്ര സ്ഥലപരിശോധന നടത്തി ആധാരങ്ങൾ പരിശോധിച്ചു വരുന്നു. |
| (ബി) | കിൻഫ്രയ്ക്കുവേണ്ടി എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്; | (ബി) | മുട്ടം സ്പൈസസ് പാർക്കിനുവേണ്ടി കിൻഫ്ര ഏകദേശം 36.75 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാണ് അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത സ്ഥലം രജിസ്റ്റർ ചെയ്ത് വാങ്ങുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്? | (സി) | നെഗോഷ്യബിൾ പർച്ചേസ് പ്രകാരം വില നിശ്ചയിച്ച സ്ഥലങ്ങൾ കിൻഫ്ര നേരിട്ട് രജിസ്റ്റർ ചെയ്താണ് ഏറ്റെടുക്കുന്നത്. ആയതിലേയ്ക്ക് കിൻഫ്രയുടെ പ്രത്യേക സംഘം ആധാരങ്ങൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ